## ചട്ടം 288 പ്രകാരമുള്ള പ്രസ്താവന

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ ദിവസം ഞാൻ നിയമസഭയിൽ ഉന്നയിച്ച തോട്ടണ്ടി വാങ്ങിയതുമായി ബന്ധപ്പെട്ട ഒരു ആരോപണത്തിന് മറുപടിയായി ഞാൻ ഈ നിയമസഭയെ തെറ്റിദ്ധരിപ്പിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഞാൻ നിയമസഭയിൽ വച്ചത് ഗവൺമെന്റ് ഓർഡർ അല്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഞാൻ സഭയിൽ വച്ചതും 27-ാം തീയതി ക്വാട്ട് ചെയ്തതും 22-07-2016-ലെ സർക്കാർ ഉത്തരവ് തന്നെയാണ്. അങ്ങേയ്ക്കും എല്ലാം അംഗങ്ങൾക്കും അത് പരിശോധിക്കാം. എന്റെ ആരോപണം, 118 രൂപയ്ക്ക് വാങ്ങാമായിരുന്ന തോട്ടണ്ടിയുടെ ടെണ്ടർ നിരസിച്ചുകൊണ്ട് 124.50-രൂപയ്ക്ക് വാങ്ങിയെന്നാണ്. 118 രൂപയുടെ ടെണ്ടർ നിരസിച്ചുവെന്നുള്ള എന്റെ സ്റ്റേറ്റ്മെന്റിന് പിൻബലമേകാനുള്ള ഒരു രേഖയായിട്ടാണ് ഞാൻ ആ ഗവൺമെന്റ് ഉത്തരവിലെ 2-ാം പേജ് ഉദ്ധരിച്ചത്. അത് കൃത്യമാണ്. അത് ഈ സഭയുടെ മുമ്പാകെയുണ്ട്. മൂന്നുകാര്യങ്ങളാണ് പറഞ്ഞത്. രണ്ടാമത്തെ കാര്യം, ഒറ്റ ടെണ്ടർ ആയതുകൊണ്ടാണ് 118 രൂപയ്ക്കുള്ള ഓഫർ റിജക്ട് ചെയ്തത് എന്ന് മന്ത്രി പറഞ്ഞു. എന്നാൽ കശുവണ്ടി വികസന കോർപ്പറേഷൻ 132 രൂപയുടെ ജി.ബി. തോട്ടണ്ടി റിജക്ട് ചെയ്ത് പിന്നീട് 142 രൂപയുടെ തോട്ടണ്ടി വാങ്ങിച്ചപ്പോൾ അതും ഒറ്റടെണ്ടറായിരുന്നു. ഒറ്റടെണ്ടർ

അല്ല എന്നുപറയുന്നത് ശരിയല്ല. ഒറ്റടെണ്ടറിലൂടെ കശുവണ്ടി വികസന കോർപ്പറേഷൻ തോട്ടണ്ടി വാങ്ങിയിട്ടുണ്ട്. ഇപ്പോൾ ഇവിടെ റിജക്ട് ചെയ്തുവെന്ന് പറയുന്ന ടെണ്ടർ മൂന്ന് ടെണ്ടർ കഴിഞ്ഞ് നാലാമത്തെ ടെണ്ടറാണ്. ആ നാലാമത്തെ ടെണ്ടർ വാങ്ങിക്കാമായിരുന്നു. അതുപോലെതന്നെ മന്ത്രി പറഞ്ഞൊരു കാര്യം, 118 രൂപയുടെ ടെണ്ടർ റിജക്ട് ചെയ്ത് 124.50 രൂപയ്ക്ക് ഉറപ്പിച്ചപ്പോൾ ഒന്നിലധികം ടെണ്ടർ ഉണ്ടായിരുന്നു എന്നാണ് അവകാശവാദം. ഒന്നിലധികം ടെണ്ടറുണ്ടായിരുന്നു. 10-ാം ദിവസം ടെണ്ടർ അനുവദിച്ച 'ഒലാം ഇന്ത്യ' എന്നുപറയുന്ന കമ്പനിക്കാണ് അത് ലഭിച്ചത്. ആ കമ്പനിയുടെ ഉടമയുടെ പേര് ലൈജു എന്നാണ്. കൂടെ ഉണ്ടായിരുന്ന ടെണ്ടർ അയാളുടെ സഹോദരന്റെതന്നെ ടെണ്ടറായിരുന്നു. സച്ചുകുമാർ എന്നുപറയുന്ന സഹോദരന്റെ ടെണ്ടറാണ് കൂടെയുണ്ടായിരുന്നത്. അത് ഞാൻ നേരത്തേ ഇവിടെ ഉയർത്തിക്കാണിച്ചു, 'തട്ടിപ്പ് ടെണ്ടർ'. ഒരേ ഓഫീസിൽ വച്ച് ഒരേ കമ്പ്യൂട്ടറിൽ ഒരേ തെറ്റുകൾ വരുത്തിയ സാധനങ്ങൾതന്നെ വച്ചിട്ട് മൂന്ന് ടെണ്ടർ ഉണ്ടായിരുന്നുവെന്ന്..... കള്ളത്തട്ടിപ്പാണ് ചെയ്തിരിക്കുന്നത്. തട്ടിപ്പ് നടത്തിയാണ് ചെയ്തിരിക്കുന്നത്. എനിക്ക് ഒറ്റക്കാര്യം മാത്രമേ പറയാനുള്ളൂ. ഞാൻ ഇവിടെ ഈ വിഷയം അവതരിപ്പിക്കുമ്പോഴോ ഇതുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകളിലോ മന്ത്രിയെയോ ബന്ധപ്പെട്ട ആരെയും അപമാനിക്കുന്ന തരത്തിലുള്ള

ഒരു വാക്കോ, ഒരു ആരോപണമോ ആക്ഷേപമോ ഉന്നയിച്ചിട്ടില്ല. നിരന്തരമായി ഞാൻ ഒരു വിവരമില്ലാത്തവനാണെന്നും കൊള്ളരുതാത്തവനാണെന്നും ആവർത്തിക്കുകയാണ്. സഭയിൽ ഉള്ള എന്റെ അവകാശം ഉപയോഗിച്ചുകൊണ്ടാണ് ഞാൻ ഇത് ഉന്നയിച്ചത്. ഞാൻ അതിനൊന്നും മറുപടി പറയുന്നില്ല. പിന്നീട് പറഞ്ഞത് എനിക്ക് കശുവണ്ടി കഴിക്കാൻ മാത്രമേ അറിയുള്ളൂവെന്നാണ്. കശുവണ്ടി വാങ്ങിയത് സംബന്ധിച്ച് ഒരു ആരോപണം ഉന്നയിക്കാൻ കശുവണ്ടിയിൽ ഗവേഷണം നടത്തി ഡോക്ടറേറ്റ് എടുക്കണമെന്ന് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്. ഞാൻ അവസാനിപ്പിക്കുന്നു. ബാർ കോഴയെ സംബന്ധിച്ച് ഇവിടെ ആരോപണം പറഞ്ഞപ്പോൾ നല്ല മദ്യപാനികൾക്കുമാത്രമേ ബാർ കോഴയെപ്പറ്റി ആരോപണം ഉന്നയിക്കാൻ സാധിക്കുകയുള്ളോ; അങ്ങനെയല്ലല്ലോ; ഞാൻ ഈ വിഷയത്തിൽ ഈ സഭയെ തെറ്റിദ്ധരിപ്പിച്ചിട്ടില്ല. ഈ സഭയുടെ മേശപ്പുറത്തുവച്ച എല്ലാരേഖകളും ശരിയാണ്. ഞാൻ ഈ സഭയിൽ ആരോപണം ഉന്നയിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിലെ ഒരു വാചകം പോലും മാറ്റാൻ കഴിയില്ല എന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ,

ഡിബേറ്റബിൾ ആയിട്ടുള്ള ഒരു പോയിന്റ് കൊണ്ടുവരുമ്പോൾ ബന്ധപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യം ഇവിടെ ആവശ്യമാണ്. നേരെമറിച്ച് വ്യക്തിപരമായ ഒരു പരാമർശമാണ്...(ബഹളം)....

മി. സ്പീക്കർ: അതുകൊണ്ടാണ് ഒരു ഡിബേറ്റുമില്ല എന്നുപറഞ്ഞത്. ഇതിൽ ഒരു ഡിബേറ്റുമില്ല. കഴിഞ്ഞദിവസം മന്ത്രി ചട്ടം 288 പ്രകാരം വിശദീകരണം നൽകിയ സമയത്ത് ഇദ്ദേഹം ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന് സമയം നൽകണമെന്ന് പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടു.

ശ്രീ. എ. കെ. ബാലൻ: സർ, ഡിബേറ്റബിളായിട്ടുള്ള ഒരു വിശദീകരണം കൊടുക്കുന്നതിൽ ഒരു തടസ്സവുമില്ല. പക്ഷേ ഡിസ്പ്യൂട്ട് ആയിട്ടുള്ള ഒരു കാര്യത്തിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ട കാര്യവും ബന്ധപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയേണ്ട കാര്യവും മെറിറ്റിലേയ്ക്ക് കടന്ന് പറയുമ്പോൾ ബന്ധപ്പെട്ട വകുപ്പുമന്ത്രി കൂടിയുണ്ടാകണം എന്നാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: വകുപ്പുമന്ത്രിക്ക് ഇനിയും പ്രസ്താവന നൽകാവുന്നതാണ്. വകുപ്പുമന്ത്രിക്ക് ഇനിയും പ്രസ്താവന നടത്താനുള്ള അനുവാദമുണ്ടല്ലോ;...(ബഹളം)....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഈ വിഷയം ഒരു ചർച്ചയ്ക്ക്

വിധേയമാക്കേണ്ടതാണെന്ന് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. വേണമെങ്കിൽ ചർച്ചയാകാം. അങ്ങ് ടൈം തീരുമാനിച്ചാൽ മതി. ..(ബഹളം)....ഒരു വലിയ അഴിമതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ വി. ഡി. സതീശൻ ഉന്നയിച്ച ഒരു ആരോപണത്തെ സംബന്ധിച്ച് ചർച്ച ചെയ്യാമെന്ന് ശ്രീ. എ. കെ. ബാലൻ പറഞ്ഞത് ഞങ്ങൾ അംഗീകരിക്കുന്നു.

<u>മി. സ്പീക്കർ</u>: ...(ബഹളം).... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അദ്ദേഹം അതല്ല പറഞ്ഞത്. അങ്ങനെ പറഞ്ഞിട്ടില്ല. ദയവായി കേൾക്കു...പ്ലീസ്...ഇരിക്കു. ഞാൻ പറയാം. അദ്ദേഹം ഉന്നയിച്ചതിൽനിന്നും എനിക്ക് മനസ്സിലായത് ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകാൻ അനുവാദം കൊടുത്തതിൽ തെറ്റില്ല എന്നും ഡിബേറ്റബിൾ പോയിന്റുണ്ടെങ്കിൽ മന്ത്രിയുടെകൂടി സാന്നിദ്ധ്യത്തിലാണ് നല്ലത് എന്നും അദ്ദേഹം പറഞ്ഞു. അത്ര മാത്രമേ പറഞ്ഞുള്ളൂ. ഡിബേറ്റ് ചെയ്യണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ ഡിബേറ്റില്ല. മന്ത്രിക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും പറയാനുണ്ടെങ്കിൽ പ്രസ്താവന നൽകാൻ ഇനിയും അനുവാദം നൽകും.